# വി എച്ച് എസ് എസ് കരവാരം



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

# ആമുഖം

ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ കരവാരം പഞ്ചായത്തിൽ പതിനെട്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന ഒരു വിദ്യാലയമാണ് കരവാരം വിഎച്ച്എസ്എസ്. എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസുവരെ ഹൈസ്കൂൾ വിഭാഗവും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം ഉൾപ്പെടുന്നതാണ് ഈ സ്കൂൾ.

1984 ൽ 42 കുട്ടികളെ എട്ടാം ക്ലാസിൽ പ്രവേശിപ്പിച്ചുകൊണ്ടാണ് ഹൈസ്കൂൾ ആരംഭിച്ചത് .1995 ൽ ഇത് വൊക്കേഷണൽ ഹയർ സെക്കൻഡറി ആയി ഉയർത്തപ്പെട്ടു. ഹൈസ്കൂൾ വിഭാഗം 297 കുട്ടികളും ഹയർ സെക്കൻഡറി ഭാഗം നാലു കോഴ്സിലായി 200 കുട്ടികളും ഈ വിദ്യാലയത്തിൽ വിദ്യാഭ്യാസം നേടുന്നു.

അക്കാദമികവും  കലാകായിക പ്രവർത്തി പരിചയ മേഖലകളിലും നമ്മുടെ കുട്ടികൾ മികവു പുലർത്തുന്നു. എൻസിസി ,ജെ ആർ സി , ലിറ്റിൽ കൈറ്റ്സ് എന്നിവയും സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. വിഎച്ച്എസ്ഇ വിഭാഗത്തിൽ എൻഎസ്എസ് പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നു.

# സ്കൂൾ ചരിത്രം

കരവാരം പഞ്ചായത്ത് പരിധിയിൽ പാവല്ല എന്ന സ്ഥലത്ത് 1984 ൽ 42 കുട്ടികളെ പ്രവേശിപ്പിച്ചുകൊണ്ട്അഞ്ചൽ സ്വദേശിയായ ശ്രീ രാജൻ പിള്ളയായിരുന്നു ഈ സ്കൂൾ ആരംഭിച്ചത്. ഉൾഗ്രാമപ്രദേശമായ ഈ സ്കൂൾ, പരിസരത്തെ അനേകം കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകിയതാണ്. സമൂഹത്തിൽ വിവിധ മേഖലകളിൽ സ്വന്തം മികവു കാട്ടാൻ ഈ വിദ്യാലയത്തിൽ നിന്നും വിദ്യാഭ്യാസം നേടിയ കുട്ടികൾക്ക് കഴിഞ്ഞു എന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്. 1995 ൽ വിഎച്ച്എസ്എസ് വിഭാഗത്തിൽ 4 കോഴ്സുകളിലായി 246 കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിഞ്ഞു. 2007 ൽ ഈ സ്കൂൾ മാനേജ്മെൻറ് ശ്രീ ജി സുരേഷ് ഏറ്റെടുക്കുകയും അദ്ദേഹത്തിന്റെ ചുമതലയിൽ ഈ സ്കൂൾ ഇപ്പോൾ നിലനിൽക്കുകയും ചെയ്യുന്നു.



## പൊതുലക്ഷ്യങ്ങൾ

- എല്ലാ ക്ലാസുകളിലെയും കുട്ടികളിൽ അതത് ക്ലാസ് വിഭാവനം ചെയ്യുന്ന തരത്തിലുള്ള പഠന നിലവാരം ഉറപ്പിക്കൽ
- ഓരോ ക്ലാസിലും, വിഷയത്തിലും കുട്ടി നേടണം എന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ നേടി എന്ന് ഉറപ്പാക്കൽ.
- പാഠ്യപാഠ്യേതരവിഷയത്തിൽ കുട്ടികളുടെ പങ്കാളിത്തം പൂർണമായും ലക്ഷ്യത്തിലെത്തിക്കൽ.
- കലാ കായിക പ്രവൃത്തി പരിചയമേഖലകളിൽ കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കൽ
- കുട്ടികളുടെ സർഗാത്മക ശേഷികൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.
- ഭാഷാ പരമായ മികവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.
- ഗണിതപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കൽ
- ക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ
- സാമൂഹ്യ പ്രശ്നങ്ങളെ ശാസ്ത്രീയമായി സമീപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.
- പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനുള്ള മനോഭാവം വളർത്തിയെടുക്കുക.
- ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സാമൂഹ്യ പങ്കാളിത്തത്തോടെ നടപ്പിലാക്കൽ
- ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള പഠനത്തിന് മുൻതൂക്കം നൽകൽ.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പാഠ്യപദ്ധതി അനുരൂപീകരണം നടത്തൽ -അതിനനുസൃതമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവയ്ക്ക് പ്രാധാന്യംകൊടുത്തുകൊണ്ടുള്ള പഠനാന്തരീക്ഷം ഒരുക്കൽ.
- ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകവഴി മികവാർന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

# വിദ്യാലയം നിലവിലെ അവസ്ഥ

ഹൈ സ്കൂൾ വിഭാഗം എട്ടു ഡിവിഷനുകളിലായി 297 കുട്ടികൾ അധ്യയനം നടത്തുന്നു .

നിലവിൽ അഞ്ചു ക്ലാസ്സ്‌റൂമുകൾ ഹൈടെക് ക്ലാസ് റൂമുകളായി പ്രവർത്തിക്കുന്നു .

ലൈബ്രറി പുസ്തകങ്ങൾ പ്രയോജനപ്പെടുത്തി കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു .

ലാബ് സൗകര്യം പരിമിതമാണ് .

എൻ സി സി , ജെ ആർ സി , ലിറ്റിൽ കൈറ്റ്സ് എന്നീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ മികവാർന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു .

കല കായിക പ്രവർത്തി പരിചയ മേഖലകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട് .

# STATUS OF SCHOOL STAFF (HS SECTION)

TOTAL NO : 19
TEACHING STAFF :15
NON TEACHING STAFF:4

| Name | Designation |
|---|---|
| റീമ ടി | ഹെഡ്മിസ്ട്രസ് |
| അരുൺ ശേഖർ ആർ | എച്ച് എസ് ടി ഹിന്ദി |
| ജൂലിയത്ത് എസ് | എച്ച് എസ് ടി സോഷ്യൽ സയൻസ് |
| ഇന്ദു സി പി | എച്ച് എസ് ടി മലയാളം |
| മഞ്ജുഷ വി എസ് | എച്ച് എസ് ടി സോഷ്യൽ സയൻസ് |
| രാഖി ആർ എസ് | എച്ച് എസ് ടി മലയാളം |
| രാജശ്രീ സി ആർ | എച്ച് എസ് ടി നാച്ചുറൽ സയൻസ് |
| രാഖി രഘുനാഥ് | എച്ച് എസ് ടി ഗണിതം |
| ദിലീപ് ഖാൻ എസ് | എച്ച് എസ് ടി അറബിക് |
| പ്രസീത ജി എസ് | എച്ച് എസ് ടി സംസ്കൃതം |
| മീനു എം | എച്ച് എസ് ടി ഫിസിക്കൽസയൻസ് |
| ശ്രീരമ എസ് | എച്ച് എസ് ടി ഇംഗ്ലീഷ് |
| രാജലക്ഷ്മി ആർ | എച്ച് എസ് ടി ഗണിതം |
| മഞ്ജുഷലാൽ | എച്ച് എസ് ടി ഫിസിക്കൽസയൻസ് |
| അശ്വിൻ എം | ക്ലാർക്ക് |
| ഹരിപ്രസാദ് | ഓഫീസ് അസിസ്റ്റന്റ് |
| രതീഷ് | ഓഫീസ് അസിസ്റ്റന്റ് |
| വിമൽ | എഫ് ടി എം |

## പ്രവർത്തനം 1 :

## മാർച്ചിംഗ് ടു മാർച്ച്

എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം നേടുന്നതിന് വേണ്ടി കുട്ടികളെ പ്രാപ്തരാക്കാൻ അധിക പ്രവർത്തനങ്ങൾ നൽകുന്നു. അധിക സമയം കണ്ടെത്തി അവരുടെ പരീക്ഷാഭയത്തെ അകറ്റാൻ ശ്രമിക്കുന്നു.

## പ്രവർത്തനം 2 :

## കൃഷിയാണ് ലഹരി

കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകുന്ന ഒരു പ്രദേശത്തിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ആയതിനാൽ തന്നെ കുട്ടികളുടെ താല്പര്യം കൃഷിയിലേക്ക് തിരിക്കുന്നതിനായി വിദ്യാലയത്തിലെ വിമുക്തി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രോഗ്രാമാണ് കൃഷിയാണ് ലഹരി.പുതിയ കൃഷി രീതികളെ പരിചയപ്പെടുത്തുന്നതിനും അതിലൂടെ കുട്ടികളെ കൃഷിയുടെ മേഖലയിലേക്ക് തിരിച്ചു വിടുന്നതിനും ഇതിനാൽ സാധിക്കുന്നു.

## പ്രവർത്തനം 3 :

### ശുചിത്വ വിദ്യാലയം

സ്കൂൾ ഹെൽത്ത് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ കുട്ടികളുടെ ആരോഗ്യസേന രൂപീകരിക്കുകയും സ്കൂളിലെ ശുചിത്വത്തിന്റെ മേൽനോട്ടം കുട്ടികൾക്ക് നൽകുകയും പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങൾ അവരെ മനസ്സിലാക്കുകയും അതിനുവേണ്ടിയുള്ള ബോധവത്കരണ ക്ലാസ് നടത്തുകയും ചെയ്യുന്നു.


# മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കവിപരിചയം - പാഠഭാഗത്തിലെ എഴുത്തുകാരെ അടുത്തറിയുക | പാഠഭാഗത്തിലെ എഴുത്തുകാരെ അടുത്തെറിഞ്ഞ് അവരുടെ ലഘു ജീവചരിത്രം തയ്യാറാക്കുക. തയ്യാറാക്കിയത് മാഗസിൻ ആക്കുക. | ജൂൺ - ഫെബ്രുവരി | മലയാളം അധ്യാപകർ | സ്കൂൾ |
| 2 | കലാരൂപങ്ങൾ പരിചയപ്പെടാം (കലകളെ അറിയുക) | കഥകളി, നാടകം,ചവിട്ടുനാടകം സിനിമ, തുള്ളൽ,നാടൻ പാട്ടുകൾ, തുടങ്ങി കലകളെ അടുത്തറിയുകയും അവയെക്കുറിച്ച് ഡോക്യുമെന്റേഷൻ തയ്യാറാക്കുകയും ചെയ്യുക. | മാസത്തിൽ ഒന്ന് എന്ന ക്രമം | മലയാളം അധ്യാപകർ | സ്കൂൾ |
| 3 | പദങ്ങൾ അറിയുക | പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പുതിയ പദങ്ങൾ കണ്ടെത്തി നിഘണ്ടു നിർമ്മിക്കാം. | ഒരു ടേമിൽ ഒന്ന് | മലയാളം അധ്യാപകർ, | പി ടി എ |
| 4 | വായനയെ പ്രോത്സാഹിപ്പിക്കുക (പുസ്തക പരിചയം) | വായിച്ച പുസ്തകത്തെ പരിചയപ്പെടുത്താൻ അവസരം സ്കൂൾ അസംബ്ലിയിൽ നൽകുന്നു. അധ്യാപകർ വിദ്യാർത്ഥികൾ എന്നിവർ ഒരു പുസ്തകത്തെ പരിചയപ്പെടുത്തുകയും കുട്ടികളെ വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. | സ്കൂൾ അസംബ്ലി | മലയാളം അധ്യാപകർ | പി ടി എ |

# ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| **1** | **Comprehension** | **Teacher ask students to listen to a short story and then answer questions to check their understandings** | **Once a week** | **Eng.trs** | **P T A** |
| **2** | **Vocabulary Building** | **Teacher introduce new words each week and ask the students to use them in sentences** | **Once a week** | **Eng.trs** | **P T A** |
| **3** | **Speaking** | **Teacher gives a topic in the class and asks the children to speak 2-3 minutes about it.** | **Twice a week** | **Eng.trs** | **P T A** |
| **4** | **Writing** | **Teacher gives a topic and asks to write a story on it** | **Once a week** | **Eng.trs** | **P T A** |
| **5** | **Reading** | **Teacher lets students to read English newspaper** | **Once a week** | **Eng.trs** | **P T A** |
| **6** | **Listening** | **Teacher give oppertunities for listening to stories and news** | **Once a week** | **Eng.trs** | **P T A** |
| **7** | **Grammar Practice** | **Teacher provide exercises on different grammar topics such as tenses,prepositions,conjunctions** | **Once a week** | **Eng.trs** | **P T A** |

# ഹിന്ദി



| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ ശുദ്ധവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ - നവംബർ |

പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളെ കുറിച്ച് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# സോഷ്യൽ സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജനാധിപത്യം ഒരു ജീവിതശൈലി ആക്കി മാറ്റി എടുക്കുക ,പൗരബോധം ,മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് | തെരഞ്ഞെടുത്ത ദിനങ്ങളിൽ | അധ്യാപകർ | പി ടി എ |
| 2 | ഭൂപടവായന ,കുട്ടികളിൽ വളർത്തുക ,സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂപട വായന പ്രോത്സാഹിപ്പിക്കുക ,അറ്റ്ലസ് ,മാപ്പുകൾ ,ഗ്ലോബ് എന്നിവ പരിചയ പെടുത്തുന്നു .സ്വന്തം പ്രദേശത്തിന്റെ ഭൂപടം തയ്യാറാക്കുക | വർഷം മുഴുവൻ | അധ്യാപകർ | പി ടി എ |
| 3 | കുട്ടികളിൽ ഉന്നത നിലവാരംകൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | ബുള്ളറ്റിൻബോർഡിൽ ആനുകാലിക സംഭവങ്ങൾ പ്രദർശിപ്പിക്കുന്നു .ക്വിസ് തുടങ്ങിയ പ്രവർത്തങ്ങൾ നടത്തുന്നു . | വർഷം മുഴുവൻ | അധ്യാപകർ | പി ടി എ |
| 4 | പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പുത്തൻ അറിവുകൾ കണ്ടെത്തുക | ആധുനിക ഉപഗ്രഹങ്ങളുടെ കണ്ടെത്തലുകൾ ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെ മനസ്സിലാക്കുന്നു | വർഷം മുഴുവൻ | അധ്യാപകർ | പി ടി എ |
| 5 | കുട്ടികളിൽ ചരിത്രവബോധം വളർത്തുക | ചരിത്ര പ്രാധാന്യമുള്ള വീഡിയോകൾ പ്രദർശിപ്പിക്കുക പാഠഭാഗവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് യാത്രകൾ സംഘടിപ്പിക്കുക | നിശ്ചയിച്ച തീയതികളിൽ | അധ്യാപകർ | പി ടി എ |

# ഫിസിക്സ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ലഘുപരീക്ഷണങ്ങളിലൂടെ പാഠാശയം, കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിഷ്കരിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണം, വിവിധ മോഡലുകൾ എന്നിവ പ്രദർശിപ്പിക്കുന്നത് വഴിയും, കുട്ടികളെ പങ്കെടുപ്പിക്കുന്നത് വഴിയും കുട്ടികളുടെ കൗതുകം ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ വർധിപ്പിക്കുകയും ഇതിലൂടെ പാഠഭാഗങ്ങളുടെ ആശയം കൃത്യമായി മനസിലാക്കുവാനും സഹായിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| 2 | ഐ സി റ്റി ക്ലാസുകൾ | വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഹൈടെക് ക്ലാസുകൾ ഉപയോഗിച്ച് പ്രദർശിപ്പിക്കുകയും, പവർപോയിന്റ് പ്രസന്റേഷൻ മുതലായവ സംഘടിപ്പിച്ച അവതരണം നടത്തുകയും ചെയ്യുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| 3 | ദിനാചരണം, സെമിനാർ, അസംബ്ലി എന്നിവ സംഘടിപ്പിക്കുക. | സയൻസ് വിഷയവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, സെമിനാർ പ്രസന്റേഷൻ,സയൻസ് അസംബ്ലി എന്നിവ സംഘടിപ്പിക്കുകയും, സയൻസ് ക്വിസ് എന്നിവ നടത്തി കുട്ടികൾക്ക് വിഷയത്തോടുള്ള അഭിരുചി വളർത്തുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |

# കെമിസ്ട്രി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അത്ഭുത കണ്ണിലൂടെ : കൗതുകം ,ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാടികൾക്കു മുൻപിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു .മോഡൽ നിർമ്മിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| 2 | ശാസ്ത്ര ലോകത്തേക്ക്: നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | വർഷത്തിൽ ഒരുപ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| 3 | ഹൈടെക് വേൾഡ് : മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ലൈബ്രറി ശാസ്ത്ര മാസിക പ്രസിദ്ധീകരണങ്ങൾ സജ്ജീകരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| 4 | അന്വേഷണ തൃഷ്ണ വർധിപ്പിക്കൽ ,നേരറിവ് നേടൽ | ക്വിസ് ,പ്രൊജക്റ്റ് മുതലായവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് | പി ടി എ |

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | **.ഗണിതത്തിൽ അഭിരുചിയും താല്പര്യവും വർധിപ്പിക്കുക*** | a)ഗണിത ശാസ്ത്രജ്ഞൻമാരുടെ ചരിത്രം, സംഭാവനകൾ, ബുക്കുകൾ, സിനിമകൾ എന്നിവ കാണാനും വായിക്കാനും കണ്ടെത്താനും ഉള്ള അവസരങ്ങൾ നൽകുക<br>**b)ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച ആശയങ്ങൾ രൂപ പെടുത്തുന്നതിനായി ഗണിത ശില്പശാല സംഘടിപ്പിക്കുക**<br>c)സംഘ പഠനം | **മാസത്തിൽ ഒരിക്കൽ**<br>രണ്ട് മാസത്തിൽ ഒരിക്കൽ<br>എല്ലാ ആഴ്ചയിലും | **ഗണിത അധ്യാപകർ , ഗണിത ക്ലബ്** | |
| 2 | **ഗണിതത്തിലുള്ള അറിവ് വർധിപ്പിക്കുക*** | **ഗണിത ക്വിസ്, ഗണിത വായന, ഗവേഷണാത്മക ചോദ്യങ്ങൾ പ്രൊജക്റ്റ് രൂപത്തിൽ നൽകുക, ഗണിത പുസ്തകങ്ങളുടെ ശേഖരണം ( ഗണിത ലൈബ്രറി എന്നആശയം )** | എല്ലാ ആഴ്ചയിലും<br>മാസത്തിൽ ഒന്ന് | **ഗണിത അധ്യാപകർ , ഗണിത ക്ലബ്** | |
| 3 | **ഗണിതമത്സര വേദികളിലേക്ക് പ്രാപ്തരാക്കുക*** | a)ഗണിത തത്വങ്ങൾ അടങ്ങിയ ചാർട്ട് തയ്യാറാക്കൽ<br>b)ഗണിത ആശയങ്ങൾ ഉപയോഗിച്ച് മോഡൽസ് തയ്യാറാക്കുക<br>c)ഗണിത കളികൾ, കഥകൾ, കവിതകൾ, കടം കഥകൾ, പസിലുകൾ, പതാക നിർമാണം എന്നിവ ക്ലബ്ബ് തല മത്സരങ്ങളായി നൽകുക<br>d)ഗണിത മേളകൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുക | **മാസത്തിൽ ഒന്ന**<br>**മാസത്തിൽ ഒന്ന്**<br>**2 മാസത്തിൽ ഒരിക്കൽ**<br>**3 മാസത്തിൽ ഒരിക്കൽ** | **ഗണിത അധ്യാപകർ , ഗണിത ക്ലബ്** | |
| 4 | **ഗണിത ലാബ്*** | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | 3 മാസത്തിൽ ഒരിക്കൽ | **ഗണിത** | |

| | | | | | |
|---|---|---|---|---|---|
| | | | | **അധ്യാപകർ ,<br>ഗണിത ക്ലബ്** | |
| 5 | **ഗണിത ക്ലിനിക് എന്ന ആശയം നടപ്പിലാക്കുക*** | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന 8,9,10 ക്ലാസ്സിലെ കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങൾ, ജ്യാമിതീയ ആശയങ്ങൾ, ഹരണം, ഗുണനം എന്നി ക്രിയകൾ എന്നിവയിലുള്ള പരിശീലനം **ഗണിത ക്ലബ്ബിലെ മിടുക്കരായ കുട്ടികളുടെ സഹായത്തോടെ നൽകുക, കൂടാതെ ഗണിത അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുക** | ആഴ്ചയിൽ ഒരിക്കൽ | **ഗണിത അധ്യാപകർ ,<br>ഗണിത ക്ലബ്** | |
| 6 | **ഗണിത talent വികസിപ്പിക്കുക*** | a) talent search examination, NMMS തുടങ്ങിയ സ്കോളർഷിപ് പരീക്ഷകൾക്ക് പരിശീലനം നൽകുക<br>b) ഗണിത മാഗസിൻ നിർമാണം<br>c)രാമാനുജൻ പേപ്പർ പ്രസന്റേഷൻ, ഭാസ്കരാചാര്യാ സെമിനാർ എന്നിവ സംഘടിപ്പിക്കുക | ആഗസ്റ്റ് മുതൽ നവംബർ വരെ<br>ജൂലൈ മുതൽ ഒക്ടോബർ വരെ<br>4 മാസത്തിൽ ഒരിക്കൽ | ഗണിത അധ്യാപകർ<br><br>ഗണിത ക്ലബ്ബ്,<br>ഗണിത അധ്യാപകർ | |
| 7 | **ഗണിത മാഗസിൻ*** | കുട്ടികളുടെ ഗണിത ശാസ്ത്ര കഴിവുകൾ ഉൾപ്പെടുത്തി ഗണിത മാഗസിൻ നിർമാണം | ജൂലൈ മുതൽ ഒക്ടോബർ വരെ | ഗണിത ക്ലബ്ബ്,<br>ഗണിത അധ്യാപകർ | |

# ബയോളജി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കൗതുകം , ജിജ്ഞാസ , നിരീക്ഷണ പാടവം എന്നിവ കുട്ടികളിൽ പരിപോഷിപ്പിക്കുക | പരീക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും പദാർഥങ്ങളും മാതൃകകളും ഉൾപ്പെടുന്ന വിപുലമായ ശാസ്ത്രലാബിന്റെ ലഭ്യത ഉറപ്പു വരുത്തുക . | അക്കാദമിക വർഷം | മാനേജ്മന്റ് , പി ടി എ | |
| 2 | നിരന്തരമായ അന്വേഷണത്തിലൂടെ ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്തു നിഗമനങ്ങൾ രൂപീകരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു . | ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്ന പുസ്തകങ്ങൾ ശേഖരിച്ചു സ്കൂൾ ലൈബ്രറിയിൽ ഒരു പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തുന്നു . | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| 3 | ശാസ്ത്രത്തിന്റെ നേട്ടത്തിൽ അഭിമാനിക്കുക അറിവ് നേടുക | ഐ സി ടി യുടെ സാധ്യത പ്രയോജനപ്പെടുത്തി ശാസ്ത്ര മേഖലയിലെ വികാസങ്ങളെയും നവീന സാങ്കേതിക വിദ്യകളെയും പരിചയപ്പെടുത്തുക . | അക്കാദമിക വർഷം | അധ്യാപകർ | |
| 4 | പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക | ഫീൽഡ് ട്രിപ്പ് ,പഠന യാത്രകൾ | അക്കാദമിക വർഷം | അധ്യാപകർ | |

# സംസ്കൃതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി ഉപയോഗിക്കാനുള്ള ശേഷി വികസിപ്പിക്കൽ | ടെസ്റ്റ് നടത്തി പരിമിതികൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സംസ്കൃതം അദ്ധ്യാപിക | |
| 2 | ഭാഷ പരമായ കഴിവ് പ്രകടിപ്പിക്കൽ | സംസ്കൃതം കഥാരചന<br>കവിത രചന<br>സമസ്യാപൂരണം അക്ഷര ശ്ലോകം<br>ഉപന്യാസ രചന സെമിനാറുകൾ സംഘടിപ്പിക്കൽ | അക്കാദമിക വർഷം | സംസ്കൃതം അദ്ധ്യാപിക | |
| 3 | സംസ്കൃതം അസംബ്ലി | സ്കൂൾതലത്തിൽ അസംബ്ലി അവതരിപ്പിക്കൽ | അക്കാദമിക വർഷം | സംസ്കൃതം അദ്ധ്യാപിക | |
| 4 | സംസ്കൃത സംഭാഷണ ശിബിരം | സംഭാഷണ പാടവം മെച്ചപ്പെടുത്താനായി കാണുന്നതും കേൾക്കുന്നതും ,ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുന്നു | അക്കാദമിക വർഷം | സംസ്കൃതം അദ്ധ്യാപിക | |
| 5 | സംസ്കൃത ഭാഷയിൽ താല്പര്യം ജനിപ്പിക്കാൻ വിവിധ പ്രവർത്തനങ്ങൾ നൽകൽ | സംഭാഷണം , നാടകാവതരണം തുടങ്ങിയവ ക്ലാസ്സിൽ അവതരിപ്പിക്കുക | അക്കാദമിക വർഷം | സംസ്കൃതം അദ്ധ്യാപിക | |

## വി എച്ച് എസ് എസ് കരവാരം

## അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക് 2025 - 2026

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>**കുട്ടികളിൽ** വായന പ്രോത്സാഹിപ്പിക്കുക. വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക. നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ.........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഫണ്ട്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **എഴുത്ത്** | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിവരങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്റ്റംബർ-നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കിളുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ-ഡിസംബർ | | സ്പോൺസർഷിപ്പ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ് [illegible] | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| | കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂലായ്-ആഗസ്റ്റ് | ന്യൂസ് സൗണ്ട് ബോക്സ് | അധ്യാപകർ |
| <u>**പ്രതിഭകളെ കണ്ടെത്തൽ**</u> | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |
| <u>**ദിനാചരണങ്ങൾ**</u><br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| <u>**ആസ്വാദനം**</u> | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| <u>**അറബിക് ലാംഗ്വേജ് ലാബ്**</u> | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി, പ്രൊജക്ടർ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| <u>**അറബിക് ഫെസ്റ്റ്**</u> | | | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളുടെയും കായികക്ഷമത ഉറപ്പാക്കുന്നു കായികക്ഷമതയിലൂടെ ശാരീരിക വളർച്ചയും മാനസിക വികാസവും നേടുന്നു | സമ്പൂർണ്ണ കായിക ക്ഷമത കായിക ക്ഷമതയെ സംബന്ധിച്ചും കായികക്ഷമത കൈവരിക്കുന്നതിനുള്ള വിവിധ വ്യായാമങ്ങൾ പരിചയപ്പെടുത്തുന്നു ,പ്രീ ടെസ്റ്റ് ബി എം ഐ കണക്കാക്കുന്നു | ജൂൺ മുതൽ നവംബർവരെ | മെഷീൻ സ്റ്റോപ്പ് വാച്ച് യോഗ മാറ്റ് | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 2000 |
| 2 | മേജർ ഗെയിമിംഗ് പരിശീലനം മേജർ ഗെയിമിനെ കുറിച്ച് കൂടുതൽ ധാരണ കൈവരിക്കൽ സബ്ജില്ലാ ജില്ല സംസ്ഥാന മത്സരങ്ങളിൽ മികച്ച പ്രകടനം നടത്താൻ പ്രാപ്തരാക്കുക | മേജർ ഗെയിമിംഗ് പരിശീലനം കബഡി അത്ലറ്റിക്സ് വോളിബോൾ കായിക ഇനങ്ങൾ എന്നിവയ്ക്ക് കുട്ടികൾക്ക് പരിശീലനം നൽകുന്നു സൗഹൃദ മത്സരങ്ങൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | വോളിബോൾ ഷോട്ട് , ഹാമർ ഡിസ്ക് ജാവലിൻ | P T A | 5000 |
| 3 | സ്കൂൾ കായികമേള സംഘടിപ്പിക്കൽ സബ്ജില്ലാ മത്സരങ്ങൾക്ക് വേണ്ടി കുട്ടികളെ കണ്ടെത്തൽ മത്സരപ പരിചയം ആനന്ദം എന്നിവ ഉറപ്പാക്കൽ | സ്കൂൾ കായികമേള സംഘടിപ്പിക്കൽ കുട്ടികളെ രണ്ട് ഹൗസുകളായി തിരിക്കുന്നു മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ആഗസ്റ്റ് മാസം | ഷോട്ട് ഡിസ്ക് ജാവലിൻ | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 4500 |
| 4 | പാഠപുസ്തകവുമായി ബന്ധപ്പെട്ട ക്ലാസ് റൂം പഠനവും പ്രാക്ടിക്കലും | ക്ലാസ് റൂം പഠനവും പ്രാക്ടിക്കലും പ്രവർത്തന ഘട്ടങ്ങൾ ക്ലാസ് റൂം ടീച്ചിംഗ് പഠന | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചിങ് മാനുവൽ | ഫിസിക്കൽ എഡ്യൂക്കേഷൻ | |

| | | | | | | |
|---|---|---|---|---|---|---|
| | വൈജ്ഞാനിക മേഖലയെ കുറിച്ച് ധാരണ കൈവരിക്കൽ ആരോഗ്യം ആഹാര ശീലങ്ങൾ ആനന്ദം കായികക്ഷമത എന്നിവയെ കുറിച്ച് മനസ്സിലാക്കാൻ | പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രാക്ടിക്കൽ ഗ്രൗണ്ടിൽ നടത്തുന്നു | | ലാപ്ടോപ്പ് കായിക ഉപകരണങ്ങൾ | ടീച്ചർ | |
| 5 | സമ്പൂർണ്ണ ഫുട്ബോൾ സാക്ഷരത എന്ന നേട്ടം കൈവരിക്കൽ സ്കൂളിലെ എല്ലാ കുട്ടികളും ഫുട്ബോൾ സാക്ഷരത കൈവരിക്കുക മാനസികാരോഗ്യം കൈവരിക്കുക | ആദ്യഘട്ട പരിശീലനം ക്ലാസിലെ പരിശീലനം മത്സരങ്ങൾ സംഘടിപ്പിക്കൽ സ്കൂൾതല മത്സരം സംഘടിപ്പിക്കും | ആഗസ്റ്റ് മുതൽ ഡിസംബർ വരെ | ഫുട്ബോൾ | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | |
| 6 | ഫീൽഡ് ട്രിപ്പ് ആരോഗ്യ കായിക വിദ്യാഭ്യാസത്തിലെ ഉദ്ഗ്രഥിത സാധ്യതകൾ തിരിച്ചറിയുന്നു ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് വിദ്യാഭ്യാസത്തിലെ തുടർ പഠന സാധ്യതകൾ മനസ്സിലാക്കുന്നു | **LNCPE**<br>**GREEN FIELD STADIUM** സന്ദർശനം | ഫെബ്രുവരി | | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | **8000** |

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം |
|---|---|---|
| 1 | മലയാളം ടൈപ്പിംഗ് പരിചയപ്പെടുത്തുക( അംഗുലീയം ) | LK യിലെ കുട്ടികൾ മറ്റു കുട്ടികൾക്ക് ക്ലാസ്സ് നൽകുന്നു |
| 2 | സൈബർ സുരക്ഷ ബോധവത്കരണം | ആധുനിക സൈബർ ലോകത്ത് അതിന്റെ സുരക്ഷയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കാൻ L K കുട്ടികൾ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. ( അടുത്തുള്ള മറ്റ് സ്കൂളുകളിലും ഈ പ്രവർത്തനം നടത്തുന്നു.) |
| 3 | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | ലഹരിക്കെതിരെ കുട്ടികളെ ബോധവാന്മാരാക്കാൻ LK യൂണിറ്റിന്റെ കീഴിൽ റീലുകൾ തയ്യാറാക്കുന്നു. |
| 4 | ഡോക്യുമെന്റഷൻ | സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുന്നു. |
| 5 | സ്കൂളിൽ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുക | ഡിജിറ്റൽ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്നു. |
| 6 | കമ്പ്യൂട്ടറുകൾ ഭിന്നശേഷി സൗഹൃദമാക്കുക | ഭിന്നശേഷി കുട്ടികൾക്ക് കമ്പ്യൂട്ടറുകളെ പരിചയപ്പെടുത്തിക്കൊണ്ട് കുട്ടികൾ ക്ലാസുകൾ നടത്തുന്നു. |
| 7 | സ്കൂൾ കലോത്സവങ്ങൾ സ്പോർട്സ് ഡേ തുടങ്ങിയവയ്ക്ക് പാർട്ടിസിപ്പേഷൻ കാർഡുകളുടെ നിർമാണം | LK കുട്ടികളുടെ സഹായത്തോടുകൂടി വിവരശേഖരണം നടത്തി കുട്ടികൾക്ക് പാർട്ടിസിപ്പേഷൻ കാർഡുകൾ നിർമ്മിക്കുന്നു |

# ജെ ആർ സി പ്രവർത്തന കലണ്ടർ

| | |
|---|---|
| ജൂൺ | പരിസ്ഥിതി ദിനാചരണത്തിൻ്റെ ഭാഗമായി ജെ ആർ സി കേഡറ്റിന്റെ നേതൃത്വത്തിൽ വൃക്ഷത്തൈ നടീൽ നടക്കുന്നു.പച്ചത്തുരുത്തിലും സ്കൂൾ പരിസരത്തും വൃക്ഷത്തൈകൾ നടുന്നു.<br><br>രക്തദാന ദിനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ അസംബ്ലി സംഘടിപ്പിക്കുന്നു. രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലബ്ബ് ലീഡർ സംസാരിക്കുന്നു. രക്തദാന ദിനവുമായി ബന്ധപ്പെട്ട് ഫസ്റ്റ് എയ്ഡ് ബോക്സ് സ്കൂളിന് നൽകുന്നു.സ്കൂളിന് സമീപത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ആരോഗ്യപ്രവർത്തകർ ഫസ്റ്റ് എയ്ഡിനെ കുറിച്ചും നല്ല ആരോഗ്യ ശീലങ്ങളെ കുറിച്ചും ക്ലാസ് എടുക്കുന്നു. |
| ഓഗസ്റ്റ് | സ്കൂൾ മുറ്റത്തൊരു തേന്മാവ് പദ്ധതിയുടെ ഭാഗമായി ജെ ആർ സി യുടെ നേതൃത്വത്തിൽ സ്കൂൾ മുറ്റത്ത് തേൻമാവിന്റെ തൈ നടന്നു . |
| **സെപ്റ്റംബർ** | സഹപാഠിക്ക് ഒരു സാന്ത്വനം പദ്ധതിയിലൂടെ വിദ്യാലയത്തിൽ സാമ്പത്തികമായി വിഷമം അനുഭവിക്കുന്ന ഒരു കുട്ടിയെ കണ്ടെത്തുകയും ജെആർസിയുടെ നേതൃത്വത്തിൽ ആവശ്യമായ സഹായം നൽകുകയും ചെയ്യുന്നു.<br>. |
| ഒക്ടോബർ | ഗാന്ധിജയന്തി ദിനാചരണവുമായി ബന്ധപ്പെട്ട് സേവന ദിനം നടത്തുന്നു . |
| നവംബർ | ആതുരാലയ സന്ദർശനം അല്ലെങ്കിൽ ഹോസ്പിറ്റൽ വിസിറ്റ് നടത്തുന്നു |

# ഉപസംഹാരം

നമ്മുടെ വിദ്യാലയത്തിലെ വരും വർഷങ്ങളിലെ അക്കാദമിക ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധ വിഷയങ്ങളിലായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ പിടിഎ എസ് എസ് ജി എന്നിവയുടെ സഹായത്തോടെ സമയബന്ധിതമായി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. ഓരോ പദ്ധതിയും ആസൂത്രണം ചെയ്ത വിധം ലക്ഷ്യം സാക്ഷാത്കരിക്കുന്ന വിധത്തിൽ സമയബന്ധിതമായി നടപ്പിലാക്കും. ഈ രൂപരേഖ പ്രാവർത്തികമാക്കുന്നതിനുതകുന്ന പ്രവർത്തന കലണ്ടറിന്റെ സഹായത്തോടെ മുഴുവൻ കുട്ടികളുടെയും കഴിവും പരിമിതിയും ഉൾക്കൊണ്ടു കൊണ്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്.

***************